# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 127 04.02.2013 - ൽ മറുപടിക്ക്**

## മാരിടൈം ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ: | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപവത്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മാരിടൈം ബോർഡ് രൂപവത്കരിക്കുന്നത് സംബന്ധിച്ച് കേന്ദ്രമാരിടൈം സ്റ്റേറ്റ് ഡവലപ്മെന്റ് കൗൺസിലിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർദ്ദേശാനുസരണമാണോ സംസ്ഥാന മാരിടൈം ബോർഡ് രൂപവല്ക്കരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | കേരളത്തിൽ മാരിടൈം ബോർഡ് രൂപവത്കരിക്കുന്നതിന് കേന്ദ്ര മാരിടൈം സ്റ്റേറ്റ് ഡവലപ്മെന്റ് കൗൺസിൽ ആഗസ്റ്റ് 2010-ൽ ചെന്നൈയിൽ വച്ച് നടത്തിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ബോർഡ് രൂപീകരണം നടന്നു കഴിഞ്ഞെന്നും, ബാക്കിയുള്ള തീരദേശ സംസ്ഥാനങ്ങളിൽ ഷിപ്പിംഗ് മന്ത്രാലയം, കോസ്റ്റ് ഗാർഡ്, നേവി തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ ആറുമാസത്തിനകം മാരിടൈം ബോർഡ് രൂപീകരിക്കണം എന്നതുമാണ് ലഭിച്ച നിർദ്ദേശം. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന മാരിടൈം ബോർഡിനുകീഴിൽ ഏതൊക്കെ വകുപ്പുകളെ ഉൾക്കൊള്ളിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചാണ് മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. |
| (ഡി) | ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ തുക എങ്ങനെ കണ്ടെത്താൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ തുറമുഖ വകുപ്പിന് ലഭിക്കുന്ന വരുമാനം സ്വന്തമായി നിലനിൽക്കുന്നതിന് പര്യാപ്തമാണ്. തുറമുഖ വകുപ്പിന്റെ വരുമാനം കൂടുതൽ വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ